പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4525

17.12.2014 -ലെ മറുപടിയ്ക്ക്

## പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) ഉണ്ട്.<br><br>പ്ലാന്റേഷൻ മേഖലയിൽ 20 മുതൽ 30 വർഷം വരെ തൊഴിൽ ചെയ്ത് തൊഴിലാളികൾ റിട്ടയർ ചെയ്യുമ്പോൾ, അവർക്ക് സ്വന്തം വീടോ സ്ഥലമോ ഇല്ലാത്തതിനാൽ അവർ എസ്റ്റേറ്റിൽനിന്നും പുറത്താക്കപ്പെടുകയും താമസിക്കാൻ ഇടമില്ലാതെ അനാഥരാകുന്ന അവസ്ഥ പ്ലാന്റേഷൻ മേഖലയിലെ ഗൗരവമുള്ള പ്രശ്നങ്ങളിൽ ഒന്നാണ്. ആയതിനാൽ റിട്ടയർ ആകുമ്പോൾ സ്വന്തം വീട് ലഭിക്കുന്നതിന് വേണ്ടി പ്ലാന്റേഷനോട് ചേർന്ന് ഉടമകൾ സൗജന്യമായി അനുവദിക്കുന്ന സ്ഥലത്ത് അവർക്ക് സ്വന്തം വീട് നിർമ്മിച്ച് നൽകുന്ന ഒരു നൂതന പദ്ധതിയാണിത്. |
| (സി) പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ; | (സി) ഭവനം ഫൗണ്ടേഷൻ കേരള 6 ലക്ഷം രൂപയ്ക്കുള്ള 2 ബഡ്റൂം വീടാണ് ഡിസൈൻ ചെയ്തിരുന്നത്. അതിൽ ഒരു ലക്ഷം രൂപ ഗ്രാന്റായും, ബാക്കിയുള്ള തുക 5% പലിശയ്ക്ക് നൽകുന്നതിനുമാണ് തീരുമാനിച്ചിരുന്നത്.<br><br>ഉപഭോക്താവിൽനിന്നും 15 വർഷം കൊണ്ട് 2500/-രൂപ വെച്ച് പ്രതിമാസം തിരിച്ചടവ് പ്രതീക്ഷിക്കുന്ന പദ്ധതി യാണിത്. വാഹന പാർക്കിംഗ്, മഴവെള്ളസംഭരണം, കുട്ടികൾക്കുള്ള കളിസ്ഥലം, വെയിസ്റ്റ് മാനേജ്മെന്റ് എന്നിവയെല്ലാം ലഭ്യമാക്കുന്ന ഒരു മിനി ടൗൺഷിപ്പായിട്ടാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ) പുനലൂർ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള (പി.സി.കെ) ഹെഡ് ഓഫീസ് കോട്ടയം എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ സംരംഭവുമായി സഹകരിക്കാൻ തയ്യാറായത്. എന്നാൽ ആർ.പി.എൽ-ന് കേന്ദ്ര ഗവൺമെന്റിന്റെ ഷെയർ ഉള്ളതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുവാദം വാങ്ങണമെന്നറിയിക്കുകയും കൂടാതെ പലിശ സബ്സിഡി ആയിട്ടോ, ലാന്റ് ഡെവലപ്മെന്റിനോ എന്തെങ്കിലും തുക നൽകുന്നത് സംബന്ധിച്ച് ആർ.പി.എൽ നാളിതുവരെ തീരുമാനം എടുത്തിട്ടില്ലാത്തതുമാണ്. കൂടാതെ ആകെ 18 ഗുണഭോക്താക്കൾ മാത്രമാണ് മേൽ വ്യവസ്ഥയിൽ വീട് ആവശ്യപ്പെട്ടിട്ടുള്ളത്. പി.സി.കെ ലിമിറ്റഡ് കാസർകോഡ് കശുമാവ് പ്ലാന്റേഷനിൽ ഇത് നടപ്പാക്കാമെന്ന് അറിയിച്ചെങ്കിലും 15 പേരാണ് മേൽ വ്യവസ്ഥയിൽ വീട് ആവശ്യപ്പെട്ടിട്ടുള്ളത്. തൊഴിലാളി യൂണിയനുകൾ പലിശ സബ്സിഡി ഇനത്തിലും ഗ്രാന്റിനും വേണ്ടി പി.സി.കെ മാനേജുമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും ആയത് മാനേജ്മെന്റ് നിരസിക്കുകയാണുണ്ടായത്. പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 20 കോടി രൂപയും, 2014-15-ൽ 5 കോടി രൂപയും അനുവദിച്ചിട്ടുള്ളതാണ്. പ്രൈവറ്റ് പ്ലാന്റേഷൻ ഉടമകൾ "സ്വന്തം വീട്" പദ്ധതിയുമായി സഹകരിക്കാത്ത അവസ്ഥയിലും ആർ.പി.എൽ -ന്റെ സ്ഥലത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണ്ടിവരുന്ന തിനാൽ ആർ.പി.എൽ -പി.സി.കെ എന്നീ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾ കുറവായതിനാലും ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അടിയന്തിരമായി തീരുമാനം എടുക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ